**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3164** **01-03-2023 - ൽ മറുപടിയ്ക്ക്**

**തീർത്ഥാടന ടൂറിസം സർക്യൂട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ ഒ . ആർ. കേളു<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീർത്ഥാടന ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഏതെല്ലാം പ്രദേശങ്ങളെയാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ സന്ദർശകർക്കായി അമിനിറ്റി സെന്റർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി വകുപ്പ് ഒരുക്കി വരുന്നുണ്ട്. |
| (ബി) | വിനോദസഞ്ചാര വിപണന മേഖലയിലെ പുരോഗതി വിശദമാക്കുമോ; | (ബി) | വിപണനമേഖലയിൽ ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തിവരുന്നത്. സംസ്ഥാന ടൂറിസത്തിന്റെ പ്രത്യേകതകളും, പുലികളി, കാരവൻ ഷോർട്ട് ഫിലിം, കഥകളി, ബേപ്പൂർ വാട്ടർഫെസ്റ്റ്, കേരള ഫെസ്റ്റിവൽ തുടങ്ങിയ വീഡിയോകൾ സോഷ്യൽ മീഡിയ ക്യാമ്പയിനുകളിൽ ഉൾപ്പെടുത്തി ദേശീയ തലത്തിൽ പ്രചരിപ്പിച്ച് കൊണ്ട് സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് വേണ്ട നപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ലണ്ടൻ, സ്പെയിൻ, ഇറ്റലി, യു.എസ്.എ. ഫ്രാൻസ്, റഷ്യ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കാറുണ്ട്. WTM ലണ്ടൻ, FITUR മാഡ്രിഡ്, BIT മിലാൻ തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ ഈ വർഷം കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഇനി നടക്കാനിരിക്കുന്ന ITB Berlin, MITT Moscow തുടങ്ങിയ മേളകളിൽ പങ്കെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതു കൂടാതെ കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തി ലണ്ടൻ, ഡബ്ലിൻ, ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, സാൻഫ്രാൻസിസ്കോ, Munich, Frankfurt തുടങ്ങിയ നഗരങ്ങളിൽ B2B Meets സംഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ആരംഭിച്ച ചാറ്റ്ബോട്ട്-മായ ഫലപ്രദമായ ടൂറിസം വികസന സംവിധാനമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വെർച്ചൽ ട്രാവൽ അസിസ്റ്റന്റ് എന്ന നിലയിൽ പ്രസ്തുത സംവിധാനം വികസിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേരളത്തെ അതിവേഗം കാര്യക്ഷമമായി അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരം ഒരുക്കുന്ന ടൂറിസം വകുപ്പിന്റെ വാട്സ് ആപ്പ് ചാറ്റ് ബോട്ട് സേവനമാണ് 'മായ'. മാർച്ചിൽ സേവനം ആരംഭിച്ച 'മായ' ഇതിനോടകം ഏകദേശം 2,50,000 ചാറ്റുകൾ പിന്നിട്ടു. സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച ചാറ്റ് ബോട്ട് കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഇൻഫർമേഷൻ കിയോസ്ക് വഴി വിരൽത്തുമ്പിലൂടെ വിവരങ്ങൾ അറിയാനുള്ള സംവിധാനം വിനോദസഞ്ചാരികൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ